മദ്യനിരോധനം.

* 694. [4] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മദ്യനിരോധനം ക്ലേശരഹിതമായി താലൂക്കുകളിൽ നടപ്പിലാക്കണമെന്ന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മദ്യനിരോധനം പൂർണ്ണമായി നടപ്പിൽ വരുത്തണമെന്ന് കേന്ദ്രപ്രധാനിംഗ് കമ്മിഷൻ നിയമിച്ചിരുന്ന മദ്യനിരോധന അന്വേഷണ കമ്മിറ്റി സുപാർശ ചെയ്തിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) മദ്യനിരോധനം ക്ലേശരഹിതമായി താലൂക്കുകളിൽ നടപ്പിലാക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(ബി) റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൽക്കാലം ഈ ചോദ്യത്തിനു ഉത്തരം നൽകാൻ നിവൃത്തിയില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള: മദ്യനിരോധന പ്രസ്ഥാനത്തിനു പ്രചരണം നടത്തുന്ന അനദ്യോഗസ്ഥസംഘടനകൾക്കു വല്ല പ്രോത്സാഹനവും നൽകുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: പ്രോത്സാഹനം നൽകാൻ ഗവണ്മെന്റ് തയ്യാറാണ്. അങ്ങനെയുള്ള സംഘടനകൾ ഉണ്ടാകണമെന്നാണ് ഗവണ്മെന്റിന്റെ ആഗ്രഹം.

ശ്രീ. എ. കുഞ്ഞൻനാടാർ: മദ്യനിരോധനം എർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ അതിന്റെ ലംഘനം ഉണ്ടാകാതിരിക്കുന്നതിനു ഗവണ്മെന്റ് വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: പഞ്ചായത്തുകളുടേയും പൊതുജന പ്രതിനിധികളുടേയും സഹായത്തോടുകൂടി മദ്യനിരോധനം ക്ലേശരഹിതമായി നടപ്പാക്കാൻ കഴിയുമെന്നു വിചാരിക്കുന്നു. കൂടാതെ മദ്യനിരോധനത്തിനെതിരായ പ്രവർത്തനങ്ങൾ തടയുന്നതിനു ഉദ്യോഗസ്ഥന്മാരെയും നിയമിച്ചിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ: എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കുറഞ്ഞ ശമ്പളമുള്ള കീഴ്ജീവനക്കാരുടെ ആനുകൂല്യത്തോടുകൂടി വ്യാജവാറ്റ് മദ്യനിരോധന മേഖലകളിൽ നടക്കുന്നതുകൊണ്ട് അവരുടെ ശമ്പളം കൂട്ടിക്കൊടുക്കാൻ ആലോചിക്കുമോ?

ശ്രീ. എ. എ. റഹിം: അവരുടെ അറിവോടുകൂടി നടക്കുന്നതായി ഗവണ്മെന്റിനു അറിവില്ല.

ശ്രീ. പി. കെ. യശോധരൻ: മദ്യനിരോധനം നടപ്പിൽ വരുത്തണമെന്നുള്ള കാര്യത്തിൽ ഗവണ്മെന്റിന്റെ അഭിപ്രായം എന്താണ്?

ശ്രീ. എ. എ. റഹിം: നടപ്പിൽ വരുത്തണമെന്നുതന്നെയാണ് ഗവണ്മെന്റിന്റെ അഭിപ്രായം.

ശ്രീ. എ. എ. ഡി. ലൂയിസ്: മദ്യനിരോധനംമൂലമുള്ള നഷ്ടം നികത്താൻ എന്തെങ്കിലും പുതിയ ടാക്സേഷൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

SHRI T. T. DANIEL: May I know whether Government are aware that the number of cases which end in acquittal is on the increase because of the ineffective way in which the prosecution officers are conducting the cases ?

ശ്രീ. എ. എ. റഹിം: ചിലകേസുകൾ വിട്ടുപോകുന്നുണ്ട്. തെളിവുകൾ കിട്ടാനുള്ള പ്രയാസംകൊണ്ടാണ് വിട്ടുപോകുന്നത്. അക്കാര്യത്തിലും പൊതുജനങ്ങളുടെ പൂർണ്ണമായ സഹകരണം ഉണ്ടായിട്ടുണ്ട്. ആവശ്യമായ സാക്ഷികളും മറ്റും കിട്ടാതെയാണ് കേസുകൾ വിട്ടുപോകുന്നത്. അതിൽ പൊതുജനങ്ങളുടെ സഹകരണം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. പി. ആർ. മാധവൻപിള്ള: മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള താലൂക്കുകളുടെ തൊട്ടടുത്തുള്ള ഷാപ്പുകളുടെ ലേലത്തുക വർദ്ധിച്ചിട്ടുണ്ടെന്നറിയാമോ ?

SHRI A. A. RAHIM: That is a separate question.

ശ്രീ. ആർ. സുശീലൻ: മദ്യനിരോധനംമൂലം തൊഴിലില്ലാതെ വരുന്നവർക്ക് തൊഴിലുകൊടുക്കുവാൻ വല്ല പരിപാടിയും ഗവണ്മെൻറിനുണ്ടോ ?

ശ്രീ. എ. എ. റഹിം: മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള ചില മേഖലകളിൽ പനചെത്താനും കരുപ്പെട്ടി ഉണ്ടാക്കാനും സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്.

ശ്രീ. ടി. ഒ. ബാവ: മദ്യനിരോധനമേഖലയിൽനിന്നു കുടിയന്മാർ അടുത്തപ്രദേശത്തുവന്ന് വലിയ ശല്യങ്ങൾ ഉണ്ടാക്കുന്നതായി ഗവണ്മെൻറിനറിയാമോ ?

ശ്രീ. എ. എ. റഹിം: കുടിക്കാൻ സൗകര്യമുള്ള പ്രദേശങ്ങളിലേ കുടിയന്മാർ പോകാറുള്ളൂ.

ശ്രീ. ടി. ഒ. ബാവ: മദ്യനിരോധനം ഇല്ലാത്ത അടുത്ത പ്രദേശം ആക്രമിക്കാതിരിക്കാൻ നടപടി എടുക്കുമോ ?

ശ്രീ. എ. എ. റഹിം: അങ്ങിനെ ആക്രമണമുള്ളതായി അറിവില്ല.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: മദ്യം തിരുവിതാംകൂറിൽ പനചെത്തില്ലെന്നറിയാമോ ?

ശ്രീ. എ. എ. റഹിം: അവിടെ മറ്റു തരത്തിലുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കും. കുടിൽ വ്യവസായങ്ങൾക്കു വേണ്ട സൗകര്യം ചെയ്തുകൊടുക്കും.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: കുടിൽ വ്യവസായത്തിനു് എന്തു സൗകര്യങ്ങളാണ് ചെയ്തുകൊടുക്കുന്നതു് ?

ശ്രീ. എ. എ. റഹിം: കുടിൽവ്യവസായങ്ങൾ പലതും ഗവണ്മെൻറ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൽ അവക്കുകൂടി ഏർപ്പെടുത്തി പ്രവർത്തിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : മദ്യനിരോധനം ഏർപ്പെടുത്താത്ത സ്ഥലത്തു മദ്യപാനം നിരുത്സാഹപ്പെടുത്താൻ എന്തെങ്കിലും നടപടി നടത്തുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : മദ്യം ഉപയോഗിക്കരുതെന്നു് നിങ്ങൾ എല്ലാവരും അവരോടു പറയണം.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : അവിടെ മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : പ്രോത്സാഹനമൊന്നും നൽകുന്നില്ല. മദ്യഷാപ്പുകൾ തുടങ്ങുന്നതു് ആളുകൾക്കു കുടിക്കാൻ സൗകര്യമുള്ള സ്ഥലങ്ങളിലായിരിക്കും.

ശ്രീ. പി. കെ. യശോധരൻ : സ്ത്രീകളുടേയും ആഫീസുകളുടേയും അടുത്തുനിന്നു് ഒന്നരരണ്ടു മൈൽ ദൂരത്തിലേയ്ക്കു ഷാപ്പുകൾ സ്ഥാപിക്കാവൂ എന്നു് ജനങ്ങൾ അപേക്ഷിച്ചിട്ടു് അതിൽ നടപടി ഒന്നും എടുത്തിട്ടില്ലെന്നതു് യാഥാർത്ഥ്യമാണോ ?

ശ്രീ. എ. എ. റഹിം : അങ്ങനെ കിട്ടിയിട്ടുള്ള അപേക്ഷകളിൽ നടപടിയെടുത്തു് മാറ്റി സ്ഥാപിച്ചിട്ടുണ്ടു്.

ശ്രീ. പി. കെ. യശോധരൻ : ഇങ്ങനെയുള്ള അപേക്ഷകളിൽ ഷാപ്പുടമസ്ഥനെ കൂടുതൽ കരുതിയാണു് തീരുമാനമെടുക്കുന്നതെന്നു് അറിയുമോ ?

ശ്രീ. എ. എ. റഹിം : ലേലം കഴിഞ്ഞു് സ്ഥലം മാറണമെന്നു് നിർബന്ധമാണെങ്കിൽ വിഷമം നേരിടും. അതുകൊണ്ടു് അതിനുശേഷം വരുന്ന അപേക്ഷകൾ സ്വീകരിക്കാൻ നിവൃത്തിയില്ല. അടുത്ത വർഷം ആസ്ഥലത്തു ഷാപ്പു പാടില്ലെന്ന അടിസ്ഥാനത്തിൽ ലേലം വിളിക്കാം.

ശ്രീ. പി. കെ. യശോധരൻ : കള്ളുഷാപ്പു ബോർഡിന്റെ സൈസിനു വല്ല നിയന്ത്രണവുമുണ്ടോ ?

ശ്രീ. എ. എ. റഹിം : ഇല്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇന്ന സ്ഥലത്തേ ഷാപ്പുകൾ സ്ഥാപിക്കാവൂ എന്നു് വ്യവസ്ഥയില്ലേ ?

ശ്രീ. എ. എ. റഹിം : ഉണ്ടു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ആ വ്യവസ്ഥയ്ക്കു വിപരീതമായി ഷാപ്പു നടത്തിയാൽ വ്യവസ്ഥ ലംഘിച്ചു എന്ന കാരണത്താൽ മാറ്റിസ്ഥാപിക്കാൻ പാടില്ലേ ?

ശ്രീ. എ. എ. റഹിം : ഇന്ന ഷാപ്പു് ഇന്ന സ്ഥലത്തെന്നു പറഞ്ഞാണു് ലേലം നടത്തുന്നതു്. പിന്നെ അതു മാറ്റാൻ സാദ്ധ്യമല്ല.

SHRI P. S. NATARAJA PILLAI : Is there no provision in the Abkari Act that shops should be located in such-and-such places and should not be located in such-and-such places ?

ശ്രീ. എ. എ. റഹിം : ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

SHRI P. S. NATARAJA PILLAI : If that be the case, if a shop is found located in violation of that rule, cannot the Department or the Government order the removal of that shop to another site ?

ശ്രീ. എ. എ. റഹിം : അങ്ങനെയുള്ളവ മാറ്റിയിട്ടുണ്ട്.

SHRI P. S. NATARAJA PILLAI : Has it come to the notice of the Government that recently a shop has been established before a College at Alleppey ?

ശ്രീ. എ. എ. റഹിം : ആലപ്പുഴ കോളേജിനു സമീപം ഷാപ്പ് നടത്തുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റിനു കിട്ടിയിട്ടുള്ള പരാതി അനുസരിച്ച് അതു് അവിടെനിന്നും മാറ്റി സ്ഥാപിക്കുവാൻ ഓർഡർ ഇട്ടിട്ടുണ്ട്.

ശ്രീ. കെ. പി. ഹാർമീസ് : അടുത്ത ഷാപ്പ് ലേലത്തിനു മുൻപായി ജനപ്രതിനിധികളുമായി ആലോചിച്ച് ഷാപ്പുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളെപ്പറ്റി തീരുമാനിക്കുമോ ?

ശ്രീ. എ. എ. റഹിം : അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ കുടിൽവ്യവസായങ്ങൾ തുടങ്ങുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : കുടിൽ വ്യവസായങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. രണ്ടാംപഞ്ചവത്സര പദ്ധതിയിലും കുടിൽവ്യവസായങ്ങളുടെ കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ : തെങ്ങിൽനിന്നും ചക്കരക്കള്ള് ചെത്തിയെടുക്കാൻ ആലോചിക്കുമോ ?

ശ്രീ എ .എ. റഹിം : അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : മദ്യനിരോധനം ഏർപ്പെടുത്തിയതു നിമിത്തം തൊഴിലില്ലാതെയായ ചെത്തുതൊഴിലാളികളുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഉണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ആ നിവേദനത്തിൽ എന്താണ് പറഞ്ഞിരിക്കുന്നതു് ?

ശ്രീ. എ. എ. റഹിം : അവർക്ക് തൊഴിൽ കൊടുക്കണമെന്നാണ്.

UNICEF-ൽ നിന്നുള്ള സൗജന്യഭക്ഷണവിതരണം.

* 695. [5] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) UNICEF-ൽ നിന്നും ഈ സംസ്ഥാനത്തു് സൗജന്യഭക്ഷണവിതരണത്തിനു ലഭിച്ചുകൊണ്ടിരുന്ന അരിയും പാൽപ്പൊടിയും തുടർന്നു ലഭിക്കുവാൻ സാദ്ധ്യതയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly